കോതമംഗലത്തെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി

379 (1437) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുകയും വിജ്ഞാപനത്തിനുശേഷം സർവ്വേയർ സ്ഥലം വിശദമായി പരിശോധിച്ചപ്പോൾ റോഡിന്റെ അലൈൻമെന്റിൽ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉണ്ടെന്ന് മനസ്സിലായ സാഹചര്യത്തിൽ അധികമായി 23.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി അഡീഷണൽ അക്വിസിഷനിൽ ഉൾപ്പെടുത്തി 8-12-2011-ൽ 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി. അഡീഷണൽ അക്വിസിഷനിൽ ഉൾപ്പെടുന്ന സ്ഥലങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാപന കാലാവധി 7-12-2014-ൽ തീരുന്നതാണ്. ഇതിനായി വേണ്ടുന്ന തുകയ്ക്കായി സർക്കാരിലേക്ക് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിക്കുകയും ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക അവശേഷിക്കാത്ത സാഹചര്യത്തിൽ reappropriation മുഖേന ആവശ്യമായ തുക കണ്ടെത്തുവാൻ ധനകാര്യ വകുപ്പ് അറിയിച്ചിട്ടുമുണ്ട്. ഇതിനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തങ്കളം-കോഴിപ്പിള്ളി റോഡിന്റെ ടി.ബി. കുന്ന് ഭാഗത്ത് സ്ഥലത്തിന്റെ സർവ്വേ നമ്പർ തെറ്റായി രേഖകളിൽ കാണുന്നതിനാൽ സ്ഥലമുടമയ്ക്ക് നഷ്ട പരിഹാര തുക നൽകുവാനാകുന്നില്ല. ആയതുകൊണ്ട് സ്ഥലമുടമ കേസ് കൊടുത്തിരിക്കുകയാണ്. കേസിൽ കിടക്കുന്ന സ്ഥലം വിട്ടു കിട്ടിയാൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) തങ്കളം -കോഴിപ്പിള്ളി റോഡിന്റെ അലൈൻമെന്റിൽ വരുന്ന കുത്തർ തോടിന് കുറുകെയുള്ള പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി ഭാഗത്തെ പണികൾ ആരംഭിക്കുന്നതിന് ടി.ബി. കുന്ന് ഭാഗത്തെ സ്ഥലവും ഒന്നാം പിരിവിനായുള്ള മറുപടിയിൽ പ്രതിപാദിച്ചിരിക്കുന്ന അഡീഷണൽ അക്വിസിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥലവും വിട്ടുകിട്ടിയാൽ മാത്രമേ കഴിയുകയുള്ളൂ. സ്ഥലം മുഴുവനായി ഏറ്റെടുക്കുന്ന മുറയ്ക്ക് മാത്രമേ സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly